I ഇ.ബി. XIV - കേരള നിയമസഭ/XXII-5

# പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ജനുവരി 14, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I അടിയന്തരപ്രമേയം

സ്വർണ്ണക്കടത്ത് കേസ്

മി. സ്പീക്കർ: സ്വർണ്ണക്കടത്തുകേസുമായി ബന്ധപ്പെട്ട് സംസ്ഥാന മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി അറസ്റ്റിലാവുകയും അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി സംശയത്തിന്റെ നിഴലിൽ നിൽക്കുകയും ചെയ്യുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ടി. തോമസ്, ടി. എ. അഹമ്മദ് കബീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട വിഷയത്തിൽ ശക്തമായ നടപടി വേണമെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചത്. സ്വർണ്ണക്കടത്തിന്റെ ഉത്ഭവവും അതെത്തിച്ചേരുന്ന ഇടവും കണ്ടെത്തുന്നതിനായി കാര്യക്ഷമവും ഏകോപിതവുമായ അന്വേഷണം കേന്ദ്ര ഏജൻസികൾ നടത്തണമെന്നാവശ്യപ്പെടുകയും അന്വേഷണത്തിന് എല്ലാ സഹായസഹകരണങ്ങളും സർക്കാർ വാഗ്ദാനം ചെയ്യുകയും ചെയ്തു. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിക്ക് സ്വർണ്ണക്കടത്തുകേസിലെ ചില പ്രതികളുമായി ബന്ധമുണ്ടെന്ന വാർത്തയെത്തുടർന്ന് അദ്ദേഹത്തെ അന്വേഷണവിധേയമായി സസ്പെന്റ് ചെയ്യുകയും വകുപ്പുതല അന്വേഷണം നടന്നുവരികയുമാണ്. മുഖ്യമന്ത്രിയുടെ ഓഫീസിലെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി ശ്രീ. സി. എം. രവീന്ദ്രനെ ചില പരാതികളിൽ വ്യക്തത വരുത്തുന്നതിനുവേണ്ടിയാണ് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ചോദ്യം ചെയ്തത്. മുഖ്യമന്ത്രിയുടെ ഓഫീസ് രാജ്യദ്രോഹപ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവെന്ന പ്രതിപക്ഷ ആരോപണം അടിസ്ഥാനരഹിതമാണ്. കോടതികളുടെ പരിഗണനയിലുള്ള വിഷയത്തെക്കുറിച്ച് കൂടുതൽ പറയുന്നത് ഉചിതമല്ല.

ശ്രീ. പി. ടി. തോമസ്: മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറിക്ക് സ്വർണ്ണക്കടത്തിൽ പങ്കുണ്ടെന്ന വിവരം മുഖ്യമന്ത്രി അറിഞ്ഞില്ലെന്ന് പറയുന്നത് വസ്തുതാവിരുദ്ധമാണ്. സ്വർണ്ണക്കടത്ത് കേസിലെ പ്രതിയായ സ്വപ്ന സുരേഷിനെയും കൂട്ടരെയും പാസില്ലാതെ ജില്ല വിട്ട് പോകാനനുവദിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാത്തതിന്റെ കാരണവും സ്വപ്ന സുരേഷിനെ ഐ.ടി. വകുപ്പിൽ ജീവനക്കാരിയായി നിയമിച്ചതുസംബന്ധിച്ചും വ്യക്തമാക്കണം. സ്പേസ് കോൺക്ലേവിന്റെയും ലോക കേരള സഭയുടെയും മറവിൽ കള്ളക്കടത്ത് നടന്നിട്ടുണ്ടോയെന്ന് അന്വേഷിക്കണം. സ്വർണ്ണക്കടത്തുകേസുമായി ബന്ധപ്പെട്ട തെളിവുകൾ നശിപ്പിച്ച് കേന്ദ്ര ഏജൻസികളെ സർക്കാരിന്റെ വരുതിയിലാക്കാനുള്ള ശ്രമമാണ് മുഖ്യമന്ത്രി നടത്തുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): യു.ഡി.എഫ്. ഭരണകാലത്താണ് ശിവശങ്കറിന് വിവിധ വകുപ്പുകളിൽ പ്രധാന സ്ഥാനങ്ങൾ ലഭിച്ചത്. കേന്ദ്ര അന്വേഷണ ഏജൻസികൾ രാഷ്ട്രീയമായി വിഷയം കൈകാര്യം ചെയ്യുന്ന അവസ്ഥ വന്നപ്പോഴാണ് കേന്ദ്ര സർക്കാരിലേയ്ക്ക് വീണ്ടും കത്തെഴുതിയത്. ശിവശങ്കറിന്റെ വിദേശയാത്രയെക്കുറിച്ച് അദ്ദേഹംതന്നെ വ്യക്തമാക്കിയിട്ടുണ്ട്.

യു.എ.ഇ. കോൺസുലേറ്റുമായി ബന്ധമുണ്ടായിരുന്ന ചിലർ നയതന്ത്ര ബാഗേജ് വഴി സ്വർണ്ണക്കള്ളക്കടത്ത് നടത്തിയതിന് മുഖ്യമന്ത്രിയുടെ ഓഫീസിന് പങ്കുണ്ടെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. ഡ്യൂട്ടി നൽകാതെ കടത്തുന്ന സ്വർണ്ണം കണ്ടുകെട്ടേണ്ടത് കസ്റ്റംസ് വകുപ്പിന്റെ ചുമതലയാണ്. തീരുവ അടയ്ക്കാതെ കടത്തിക്കൊണ്ടുവരുന്ന കണക്കിൽപ്പെടാത്ത സ്വർണ്ണം സ്വർണ്ണവ്യാപാര സ്ഥാപനങ്ങളിലൂടെ വിറ്റഴിക്കുന്നതുവഴി കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ലഭിക്കേണ്ട നികുതി വരുമാനത്തിൽ ചോർച്ചയുണ്ടാകാനും അത് രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയെ തകർക്കാനും ഇടയാക്കും. സ്വർണ്ണക്കള്ളക്കടത്തുമായി ബന്ധപ്പെട്ട് കൃത്യമായ അന്വേഷണം നടക്കണമെന്നും കുറ്റവാളികളെ കണ്ടെത്തണമെന്നുമുള്ള സർക്കാർ നിലപാട് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. സുതാര്യമായ എല്ലാ നടപടികളെയും സർക്കാർ സ്വാഗതം ചെയ്യുന്നു. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, ഡോ. എം. കെ. മുനീർ എന്നീ

പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു. )

## II ശ്രദ്ധ ക്ഷണിക്കൽ

### (1) കുതിരാൻ തുരങ്കത്തിന്റെയും അനുബന്ധറോഡിന്റെയും നിർമ്മാണം

ചീഫ് വിപ്പ് (ശ്രീ. കെ. രാജൻ): മണ്ണുത്തി-വടക്കാഞ്ചേരി മേഖലയിലെ ആറുവരി ദേശീയപാതാ നിർമ്മാണവും അതിനോടനുബന്ധിച്ച് 2014-ൽ ആരംഭിച്ച കുതിരാൻ തുരങ്ക നിർമ്മാണപ്രവൃത്തിയും ദേശീയ പാതാ അതോറിറ്റിയുടെയും കരാർ കമ്പനിയുടെയും അനാസ്ഥ കാരണം അനന്തമായി നീളുകയാണ്. അശാസ്ത്രീയ നിർമ്മാണംമൂലം നിരവധി പേരുടെ ജീവൻ നഷ്ടപ്പെടുകയും ഗതാഗതതടസ്സം രൂക്ഷമാവുകയും ചെയ്യുന്ന സാഹചര്യത്തിൽ കുതിരാൻ തുരങ്കം തുറക്കുന്നതിനും കരാർ ലംഘിക്കുന്ന നിർമ്മാണ കമ്പനിയെ കരിമ്പട്ടികയിൽപ്പെടുത്തി നിർമ്മാണ ചുമതല ദേശീയ പാതാ അതോറിറ്റി ഏറ്റെടുക്കുന്നതിനും ഇടപെടലുണ്ടാകണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സംസ്ഥാനത്തിന്റെ ദേശീയ പാതാ വികസനത്തിന് തടസ്സം നിൽക്കുന്ന

സമീപനമാണ് ദേശീയ പാതാ അതോറിറ്റി സ്വീകരിക്കുന്നത്. 2018-ൽ പൂർത്തീകരിക്കേണ്ട കുതിരാൻ തുരങ്കത്തിന്റെയും അനുബന്ധ റോഡിന്റെയും പണി ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (2) റബ്ബർവില സ്ഥിരതാ ഫണ്ട് വർദ്ധിപ്പിക്കലും കാർഷികോൽപ്പന്നങ്ങൾക്ക് താങ്ങുവില പുന:ക്രമീകരിക്കലും

ശ്രീ. മോൻസ് ജോസഫ്: സംസ്ഥാനത്ത് റബ്ബർ വിലസ്ഥിരതാ ഫണ്ട് പ്രകാരമുള്ള കുറഞ്ഞ വില 250 രൂപയായി വർദ്ധിപ്പിക്കാനും വിവിധ കാർഷികോത്പന്നങ്ങൾക്കുള്ള താങ്ങുവില പുന:ക്രമീകരിക്കാനും നടപടി സ്വീകരിക്കണം. ടയർ വിൽപ്പനയും ആഗോള ഉപയോഗവും കുത്തനെ ഉയർന്നിട്ടും റബ്ബർ വില താഴേയ്ക്ക് പോകുന്ന സ്ഥിതിവിശേഷം പരിശോധിക്കണം. റബ്ബർ കർഷകർക്ക് കൊടുക്കേണ്ട കുടിശ്ശിക അടിയന്തരമായി നൽകാനുള്ള നടപടി സ്വീകരിക്കണം. റബ്ബർ കാർഷികവിളയായി പ്രഖ്യാപിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം. നാളികേരത്തിന്റെ താങ്ങുവില പുനഃക്രമീകരിക്കണം. നെല്ലിന്റെ

താങ്ങുവിലയും ഹാൻഡ്‌ലിംഗ് ചാർജ്ജും വർദ്ധിപ്പിക്കുന്നതിനും നെൽവിത്ത് തെരഞ്ഞെടുക്കുന്നതിനുള്ള അവകാശം കൃഷിക്കാർക്ക് നൽകുന്നതിനും ഉല്പാദന ബോണസും വളം-വിത്ത് സബ്സിഡികളും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും നടപടിയുണ്ടാകണം. ചുക്ക്-മഞ്ഞൾ കൃഷിക്കാവശ്യമായ നടീൽ വസ്തുക്കൾ നേരിട്ട് വിതരണം ചെയ്യാനും പ്രതിസന്ധി നേരിടുന്ന കുരുമുളക് കൃഷിക്കാരെ സഹായിക്കാനും തയ്യാറാകണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): ആസിയാൻ കരാറുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ അനുവർത്തിക്കുന്ന തെറ്റായ നടപടിക്രമങ്ങളാണ് റബ്ബറിന് വിലയിടിയാൻ കാരണം. നാച്വറൽ റബ്ബറിനെ കാർഷികോല്പന്നമായി അംഗീകരിക്കണമെന്ന് 2018 മുതൽ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. പ്രൊഡക്ഷൻ ഇൻസെന്റീവ് ഇനത്തിലുള്ള കുടിശ്ശിക നൽകുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. 1331.4 കോടി രൂപ പ്രൊഡക്ഷൻ ഇൻസെന്റീവായി നൽകുകയും ഇടവിള കൃഷി നടത്തുന്നതിന് പ്രത്യേക ഫണ്ട് മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ട്. നാമമാത്ര റബ്ബർ കർഷകരെ സഹായിക്കുന്നതിനായി സിയാൽ മോഡൽ കമ്പനി രൂപീകരിക്കാനുള്ള നടപടി അന്തിമഘട്ടത്തിലാണ്. നെല്ലിന്റെ സബ്സിഡി വർദ്ധിപ്പിച്ചിട്ടുണ്ട്.

പച്ചത്തേങ്ങയെ മിനിമം സപ്പോർട്ട് പ്രൈസിൽ ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടില്ലാത്തതിനാൽ സംസ്ഥാന സർക്കാരിന്റെ സാമ്പത്തികസ്ഥിതി അനുസരിച്ചുമാത്രമേ സംഭരണവില വർദ്ധിപ്പിക്കാനാകൂ. കാർഷികോൽപ്പന്നങ്ങളുടെ താങ്ങുവിലയിൽ കാലാനുസൃതമായ മാറ്റം വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതും കൂടുതൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുന്നതുമാണ്.

## III സബ്മിഷൻ

### (1) തീരദേശ പരിപാലന പ്ലാൻ

ശ്രീ. റ്റി. വി. രാജേഷ്: തീരദേശ പരിപാലന പ്ലാനിന് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കാനായി തിരുവനന്തപുരം കേന്ദ്ര ഭൗമശാസ്ത്ര പഠനകേന്ദ്രത്തെ ചുമതലപ്പെടുത്തുകയും പബ്ലിക് ഹിയറിംഗ് നടപടിക്രമങ്ങളും പുരോഗമിക്കുകയുമാണ്. കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് സംസ്ഥാനത്ത് ഇളവുകൾ പ്രാബല്യത്തിൽ വരുന്നതാണ്.

(2) <u>സർട്ടിഫിക്കറ്റ് ലഭ്യമാക്കൽ</u>

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: കർണ്ണാടകയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന മലയാളി വിദ്യാർത്ഥികൾക്ക് അപ്രതീക്ഷിത പ്രതിസന്ധിമൂലം പഠനം നിർത്തേണ്ടിവരുന്നതിനാൽ സർട്ടിഫിക്കറ്റുകൾ തിരികെ ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): കർണ്ണാടകയിൽ പ്രത്യേകിച്ച്, മംഗലാപുരത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന മലയാളി വിദ്യാർത്ഥികൾക്ക് ആരോഗ്യപരമോ അപ്രതീക്ഷിതമോ ആയ കാരണങ്ങളാൽ പഠനം നിർത്തേണ്ടിവന്നാൽ കോളേജ് അധികൃതരുടെ കൈവശമിരിക്കുന്ന സർട്ടിഫിക്കറ്റുകൾ തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് കർണ്ണാടക സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്.

(3) <u>റോഡ് വികസനം</u>

<u>ശ്രീ. ഒ. രാജഗോപാൽ</u>: തിരുമല-തൃക്കണ്ണാപുരം റോഡ് നവീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): നേമം മണ്ഡലത്തിലെ തിരുമല മുതൽ തൃക്കണ്ണാപുരം പാലം വരെയുള്ള റോഡ് നവീകരിക്കാനായി 76 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 80 ശതമാനം ലാന്റ് അക്വിസിഷൻ നടപടികൾ റവന്യൂ വകുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. കേസ് നിലനിൽക്കുന്നതിനാൽ അവശേഷിക്കുന്ന 20 ശതമാനം ഭൂമി ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. സ്ഥലമെടുപ്പ് നടപടികളിലെ കാലതാമസമാണ് കാരണം. ഡി.പി.ആർ. തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുന്നതിനോടൊപ്പം ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതും പരിഗണനയിലുണ്ട്.

## (4) പാലങ്ങളുടെ നിർമ്മാണം

ശ്രീ. കെ. യു. ജനീഷ് കുമാർ: കോന്നി നിയോജകമണ്ഡലത്തിലെ തൃപ്പാറ, മാത്തൂർ, ചിറ്റൂർ കടവ് പാലങ്ങളുടെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): നിർമ്മാണ കമ്പനിയുടെ ഭാഗത്തുനിന്നുണ്ടായ നിരുത്തരവാദപരമായ സമീപനമാണ് കോന്നി നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ പണി പൂർത്തിയാക്കുന്നതിലുണ്ടായ കാലതാമസമെന്ന് ബോധ്യപ്പെട്ടതിനാൽ

പി.ഡബ്ല്യൂ.ഡി. (ബ്രിഡ്ജസ്) ഡിവിഷന് നിർമ്മാണ മേൽനോട്ടം കൈമാറാൻ തീരുമാനിക്കുകയും ഇതുവരെ നടത്തിയ നിർമ്മാണപ്രവർത്തനങ്ങളുടെ അസസ്മെന്റും സാങ്കേതിക നിലവാരവും നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന്റെ സാധ്യതയും പരിശോധിച്ച് രണ്ട് മാസത്തിനുള്ളിൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിനെ ചുമതലപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(5) ദേശീയപാതയുടെ പുനരുദ്ധാരണ പ്രവൃത്തികൾ

ശ്രീ. കെ. ബി. ഗണേഷ് കുമാർ: കൊട്ടാരക്കര-പുനലൂർ ദേശീയപാതയിൽ അശാസ്ത്രീയമായി നിർമ്മിച്ചിരിക്കുന്ന ഓടകൾ വിദഗ്ദ്ധ സംഘത്തെക്കൊണ്ട് പരിശോധിപ്പിച്ച് അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കൊട്ടാരക്കര-പുനലൂർ ദേശീയപാതയിൽ അശാസ്ത്രീയമായി നിർമ്മിച്ചിരിക്കുന്ന ഓടകൾ നാഷണൽ ഹൈവേ ചീഫ് എഞ്ചിനീയർ നേരിട്ട് പരിശോധിക്കണമെന്ന ഉത്തരവ് നൽകുന്നതാണ്.

## (6) അരീക്കോട് സ്റ്റേഡിയം നിർമ്മാണം

ശ്രീ. പി. കെ. ബഷീർ: അരീക്കോട് സ്റ്റേഡിയത്തിൽ സിന്തറ്റിക് ഫുട്ബോൾ ടർഫ് നിർമ്മാണത്തിനാവശ്യമായ ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സ്റ്റേഡിയത്തിന്റെ രണ്ടാംഘട്ട പ്രവൃത്തിയുടെ ഭാഗമായി സിന്തറ്റിക് ഫുട്ബോൾ ടർഫ് നിർമ്മിക്കുന്നതിന് 4.46 കോടി രൂപയുടെ ഭരണാനുമതി നൽകുകയും തുടർപ്രവൃത്തി നടപ്പിലാക്കുന്നതിനായി 'സിൽക്ക്' ലിമിറ്റഡിനെ ചുമതലപ്പെടുത്തുകയും ചെയ്തുവെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ ആദ്യത്തെ ടെണ്ടർ റദ്ദ് ചെയ്ത് റീടെണ്ടർ നടപടികൾ പുരോഗമിച്ചുവരവെ, പ്രീ-ക്വാളിഫിക്കേഷൻ വ്യവസ്ഥകൾ സംബന്ധിച്ച് ഒരു ബിഡ്ഡർ ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്യുകയും പ്രീ-ക്വാളിഫിക്കേഷൻ വ്യവസ്ഥ നിജപ്പെടുത്തണമെന്ന് കോടതി ഉത്തരവിടുകയും ചെയ്തു. നിലവിലെ ടെണ്ടർ റദ്ദാക്കി വീണ്ടും ടെണ്ടർ ക്ഷണിക്കണമെന്നാണ് വിദഗ്ദ്ധാഭിപ്രായം. ഇതുസംബന്ധിച്ച് തുടർനടപടികൾ തീരുമാനിക്കുന്നതിനായി വിളിച്ച യോഗത്തിൽ സ്റ്റേഡിയത്തിൽ

കേടുപാടുകളുള്ളതായി ആക്ഷേപമുയർന്നതിനാൽ സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കായിക യുവജനകാര്യ ഡയറക്ടർ, എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാലതാമസം കൂടാതെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുന്നതാണ്.

## (7) അരുവിക്കര ഡാമിലെ മാലിന്യം

ശ്രീ. കെ. എസ്. ശബരീനാഥൻ: അരുവിക്കര ഡാമിലെ മാലിന്യങ്ങൾ നീക്കം ചെയ്യാനും ഡീസിൽറ്റേഷൻ നടത്താനും ജലസംഭരണശേഷി വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): അരുവിക്കര ഡാമിൽ അടിഞ്ഞുകൂടിയിരിക്കുന്ന ചെളിയും മണ്ണും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യാനും ഡാമിന്റെ ശേഷി പഴയ സ്ഥിതിയിലാക്കുന്നതിനുമായി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും ഡീസിൽറ്റേഷൻ ചെയ്യേണ്ട രീതി സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കി പ്രസ്തുത കമ്മിറ്റിയിൽ അവതരിപ്പിക്കുകയും ഡീസിൽറ്റേഷനുള്ള ഭരണാനുമതി നൽകാനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എംപവേർഡ്

കമ്മിറ്റി അനുവാദം നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നാലുകോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ചെളിയും മണ്ണും നീക്കം ചെയ്യുന്നതിനായി ഡി.പി.ആർ. തയ്യാറാക്കുന്നതിനും തുക ക്വാട്ട് ചെയ്യുന്നതിനുമായി ടെണ്ടർ വിളിക്കുകയും ടെക്നിക്കൽ കമ്മിറ്റി ശിപാർശ ചെയ്ത കമ്പനിക്ക് ഡി.പി.ആർ. തയ്യാറാക്കാനുള്ള അനുവാദം നൽകുന്നതിനെക്കുറിച്ച് ഹൈപവ്വർ കമ്മിറ്റി പരിശോധിച്ചുവരികയുമാണ്. ഡി.പി.ആർ. ലഭ്യമായാലുടൻതന്നെ ടെണ്ടർ നടപടി ആരംഭിക്കും.

(8) ആലുങ്കൽ കടവ്, പാറപ്പുറം, വല്ലംകടവ് പാലങ്ങളുടെ നിർമ്മാണം

ശ്രീ. അൻവർ സാദത്ത്: ആലുങ്കൽ കടവ്, പാറപ്പുറം, വല്ലംകടവ് പാലങ്ങളുടെ നിർമ്മാണം പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): പാറപ്പുറം-വല്ലംകടവ് പാലത്തിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 26 കോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചെങ്കിലും സാങ്കേതിക കാരണങ്ങളാൽ പണി സ്തംഭനാവസ്ഥയിലായിരുന്നു. 2019 നവംബറിൽ ചേർന്ന യോഗത്തിൽ റിസ്ക് ആന്റ് കോസ്റ്റ് ഒഴിവാക്കി പ്രവൃത്തി റീടെണ്ടർ ചെയ്യാൻ തീരുമാനിച്ചെങ്കിലും റീടെണ്ടർ ലഭിച്ച കമ്പനി പണി

ആരംഭിക്കാത്തതിനാൽ വീണ്ടും ടെണ്ടർ ചെയ്യിരിക്കുകയാണ്. ആലുങ്കൽകടവ് പാലത്തിന് മുൻ സർക്കാരിന്റെ കാലത്ത് 11.22 കോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതാണ്.

(9) മൂദിയം പാലം

ശ്രീ. അബ്ദുൽ ഹമീദ് പി.: കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടതും വള്ളിക്കുന്ന്-അരിയല്ലൂർ വില്ലേജുകളെ ബന്ധിപ്പിക്കുന്നതുമായ മൂദിയം പാലത്തിന്റെ നിർമ്മാണം ത്വരിതഗതിയിലാക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): മൂദിയം പാലത്തിന്റെ ഇൻവെസ്റ്റിഗേഷനും ഡിസൈൻ നടപടികളും പൂർത്തീകരിച്ച് ഡി.പി.ആർ. തയ്യാറാക്കി വരികയാണ്. ഭൂമി ഏറ്റെടുക്കലിനുള്ള തുക ഡി.പി.ആർ.-ൽ ഉൾപ്പെടുത്തി കിഫ്ബിയിൽ അനുമതിക്കായി സമർപ്പിക്കുന്നതാണ്.

(10) കോഴിക്കോട് ഫൈൻ ആർട്സ് കോളേജ്

ശ്രീ. വി.കെ.സി. മമ്മത് കോയ: വടക്കൻ ജില്ലകളിലെ വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം കോഴിക്കോട് ജില്ലയിൽ ഒരു ഫൈൻ ആർട്സ് കോളേജ്

ആർട്സ് കോളേജ് ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): കോഴിക്കോട് ആസ്ഥാനമായി ഫൈൻ ആർട്സ് കോളേജ് തുടങ്ങുന്ന കാര്യം സർക്കാർ ഗൗരവപൂർവ്വം പരിശോധിക്കുന്നതാണ്.

## IV മേശപ്പുറത്തുവച്ച കടലാസ്സുകൾ

സാമ്പത്തിക അവലോകനം 2020, ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് എന്നിവ മേശപ്പുറത്തുവച്ചു.

## V റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

(1) മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട്.

(2) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ എഴുപത്തിയൊന്ന് മുതൽ എഴുപത്തിയേഴുവരെയുള്ള റിപ്പോർട്ടുകൾ.

## VI ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

<u>ശ്രീ. പി. കെ. ശശി</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സ്വന്തമായി വീടില്ലാത്ത രണ്ടരലക്ഷം പേർക്ക് ലൈഫ് പദ്ധതിയിലൂടെ വീട് നൽകുകയും പൊതുവിദ്യാലയങ്ങളിലെ ക്ലാസ് മുറികൾ പൂർണ്ണമായും ഹൈ-ടെക് ആക്കുകയും ചെയ്തിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്ക്കരിക്കാനുള്ള കേന്ദ്ര നീക്കത്തിനെതിരെ ഫലപ്രദമായി ഇടപെടാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിലാക്കി മാറ്റാനും ജനസൗഹൃദ പോലീസ് എന്ന ആശയം യാഥാർത്ഥ്യമാക്കാനും പട്ടികജാതി-പട്ടികവർഗ്ഗ വികസനം, സാംസ്കാരികം, കൃഷി, ജലവിഭവം എന്നീ മേഖലകളിൽ വൻമുന്നേറ്റമുണ്ടാക്കാനും കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. റോജി എം. ജോൺ</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ നടപ്പിലാക്കാനോ തൊഴിലില്ലായ്മ പരിഹരിക്കാനോ സാധിച്ചിട്ടില്ല. പദ്ധതികൾ പൂർത്തീകരിക്കുന്ന കാര്യത്തിൽ വൻപരാജയമാണ്. അഴിമതിയും സ്വജനപക്ഷപാതവും സർക്കാരിന്റെ മുഖമുദ്രയായി മാറിയിരിക്കുകയാണ്.

ശ്രീ. ആർ. രാമചന്ദ്രൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. നാടിന്റെ വികസനത്തിനും ജനക്ഷേമത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. പ്രതിസന്ധിഘട്ടങ്ങളിൽപ്പോലും ജനങ്ങളുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കാൻ സാധിച്ചു. സമസ്തമേഖലയിലും വികസനോന്മുഖമായ പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

ശ്രീ. വി. അബ്ദുറഹിമാൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സമസ്തമേഖലകളിലും വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കാൻ ആർജ്ജവം കാട്ടിയ സർക്കാരിനെ വിമർശിക്കുന്ന പ്രതിപക്ഷ നിലപാട് അപലപനീയമാണ്. കിഫ്ബിയിലൂടെ കോടിക്കണക്കിന് രൂപയുടെ അടിസ്ഥാനസൗകര്യ വികസനം സാധ്യമാക്കിയ നടപടി സ്വാഗതാർഹമാണ്. സംസ്ഥാനത്ത് നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് ജനങ്ങൾ നൽകിയ അംഗീകാരമാണ് തദ്ദേശഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് ഫലം.

ശ്രീ. അനൂപ് ജേക്കബ്: നന്ദിപ്രമേയത്തെ എതിർക്കുന്നു. പ്രളയക്കെടുതിയിൽ ഭവനരഹിതരായവർക്ക് വീട് നിർമ്മിച്ചുനൽകുന്ന

കാര്യത്തിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. മുൻകാലങ്ങളിലുള്ള ഭവന പദ്ധതികൾ ലൈഫ് മിഷനിൽ സംയോജിപ്പിച്ചതിലൂടെ അർഹതപ്പെട്ടവർക്കുള്ള ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുകയാണുണ്ടായത്. ക്ഷേമനിധി ബോർഡുകളിൽനിന്നും ആനുകൂല്യം ലഭിക്കുന്നവർക്ക് സാമൂഹ്യസുരക്ഷാ പെൻഷൻ നിഷേധിക്കുന്ന നിലപാട് പരിശോധിക്കപ്പെടണം. കോവിഡ്-19 പശ്ചാത്തലത്തിൽ കാർഷിക മേഖലയുൾപ്പെടെ സമസ്തമേഖലകളിലുമുണ്ടായിട്ടുള്ള പ്രതിസന്ധി തരണം ചെയ്യുന്നതിനോ കാലാവസ്ഥാ വ്യതിയാനംമൂലം ദുരിതമനുഭവിക്കുന്ന കർഷകരെ സംരക്ഷിക്കുന്നതിനോ നഷ്ടപരിഹാരം നൽകുന്നതിനോ ഉള്ള പ്രഖ്യാപനങ്ങളൊന്നുംതന്നെ ഗവർണ്ണറുടെ പ്രസംഗത്തിലില്ല.

<u>ശ്രീ. എം. മുകേഷ്</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സമാനതകളില്ലാത്ത വികസനത്തിന്റെ ഉദാത്തമാതൃകയായി കേരളം മാറുന്നുവെന്നത് സ്വാഗതാർഹമാണ്. ജനക്ഷേമകരമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന സർക്കാരിനെതിരെ നടത്തുന്ന കുപ്രചരണങ്ങൾ അവസാനിപ്പിക്കാൻ പ്രതിപക്ഷം തയ്യാറാകണം. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പ്രതിസന്ധിയിലായ സിനിമാ വ്യവസായത്തിന് പിന്തുണ

നൽകിക്കൊണ്ട് സിനിമാ തിയേറ്ററുകളുടെ പ്രവർത്തനത്തിന് അനുമതി നൽകിയതും കൊല്ലം ആസ്ഥാനമായി ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല ആരംഭിച്ച നടപടിയും പ്രശംസനീയമാണ്.

ശ്രീമതി സി. കെ. ആശ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഭൂരഹിതരും ഭവനരഹിതരുമില്ലാത്ത കേരളം സൃഷ്ടിക്കുന്നതിനായി വിവിധ ഭവന പദ്ധതികൾ നടപ്പാക്കിയും അടിച്ചമർത്തപ്പെട്ടവരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ഉന്നമനത്തിനായുള്ള പദ്ധതികൾ ആവിഷ്കരിച്ചുമാണ് സർക്കാർ മുന്നോട്ട് പോകുന്നത്. വയോജനങ്ങൾക്കും കുട്ടികൾക്കും പ്രത്യേക പരിഗണന നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞതും സാമൂഹ്യക്ഷേമ പെൻഷൻ വർദ്ധിപ്പിച്ചതും ശ്ലാഘനീയമാണ്.

ഡോ. എൻ. ജയരാജ്: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ജി.എസ്.ടി. നഷ്ടപരിഹാരത്തുക സമയബന്ധിതമായി ലഭ്യമാക്കാതെ സംസ്ഥാനങ്ങളുടെ ധനവിനിയോഗ പ്രവർത്തനങ്ങളിൽ വിരുദ്ധ നിലപാട് സ്വീകരിക്കുന്ന കേന്ദ്ര സർക്കാരിന്റെ സമീപനം പ്രതിഷേധാർഹമാണ്. പ്രകൃതിദുരന്തവുമായി ബന്ധപ്പെട്ട പ്രതിസന്ധികൾക്കിടയിലും സർവ്വതലസ്പർശിയായ വികസന പ്രവർത്തനങ്ങൾ നടത്താൻ സർക്കാരിന് സാധിച്ചുവെന്നത്

അഭിനന്ദനാർഹമാണ്. സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന റബ്ബറിന് ഇറക്കുമതി ചെയ്യുന്ന റബ്ബറിന് തുല്യമായ വില നിശ്ചയിക്കാൻ സാധിക്കണം. റബ്ബറിനെ കാർഷികോല്പന്നമായി പ്രഖ്യാപിക്കണം. കാർഷികമേഖലയുടെ പുനരുദ്ധാരണത്തിനായി കാർഷിക ബഡ്ജറ്റ് നടപ്പാക്കണം.

ഡോ. എം. കെ. മുനീർ: നന്ദിപ്രമേയത്തെ എതിർക്കുന്നു. വർഗ്ഗീയധ്രുവീകരണം ലക്ഷ്യമിട്ടുള്ള മുഖ്യമന്ത്രിയുടെ പ്രസ്താവന നാടിനാപത്താണ്.

ശ്രീ. എ. പ്രദീപ്കുമാർ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ജനക്ഷേമകരമായ നടപടികളുമായി മുന്നോട്ടുപോകുന്ന സർക്കാരിനെ വസ്തുതാവിരുദ്ധമായ ആരോപണങ്ങളുയർത്തി അധിക്ഷേപിക്കാനുള്ള പ്രതിപക്ഷശ്രമം അവസാനിപ്പിക്കണം. ലൈഫ് പദ്ധതിയെ അട്ടിമറിക്കാനും കെ-ഫോൺ, കെ-റെയിൽ പദ്ധതികളെയും നാടിന്റെ പശ്ചാത്തല വികസനത്തിന് വഴിയൊരുക്കുന്ന കിഫ്ബിയേയും തകർക്കുന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): നന്ദിപ്രമേയത്തെ എതിർക്കുന്നു. അഴിമതിയിൽ മുങ്ങിയ ഈ ഗവൺമെന്റിന് കഴിഞ്ഞ

അഞ്ചുവർഷവും നടപ്പാക്കാൻ കഴിയാത്ത കാര്യങ്ങളാണ് നയപ്രഖ്യാപന പ്രസംഗത്തിലൂടെ ഗവർണ്ണർ നടത്തിയിട്ടുള്ളത്. ഏതെങ്കിലും വൻകിട പദ്ധതി നടപ്പാക്കാനോ പുതിയ പദ്ധതി ആരംഭിക്കാനോ സാധിച്ചിട്ടില്ല. ബിവറേജസ് കോർപ്പറേഷൻ ഡിസ്റ്റിലറികൾക്ക് വിതരണം ചെയ്യുന്ന മദ്യത്തിന്റെ വിലയിൽ ഏഴ് ശതമാനം വർദ്ധനവ് സർക്കാർ അനുവദിച്ചിരിക്കുകയാണ്. വൻകിട മദ്യ കുത്തക കമ്പനികൾക്ക് പതിനാല് ശതമാനം വിലവർദ്ധനവാണ് ഈ സർക്കാരിന്റെ ഭരണകാലത്ത് അനുവദിച്ചിട്ടുള്ളത്. ഇതിലൂടെ ഒരു വർഷം 120 കോടി രൂപയുടെ അധിക വരുമാനം ഡിസ്റ്റിലറി മുതലാളിമാർക്ക് നൽകാനുള്ള തീരുമാനം ഗവൺമെന്റ് പിൻവലിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): അടിസ്ഥാനരഹിതമായ ആരോപണമാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. മദ്യത്തിന്റെ വാങ്ങൽവില നിശ്ചയിക്കുന്നത് പ്രധാന അസംസ്കൃത വസ്തുവായ ഇ.എൻ.എ. (എക്സ്ട്രാ ന്യൂട്രൽ ആൾക്കഹോൾ)-യുടെ വിലയുടെ അടിസ്ഥാനത്തിൽ കെ.എസ്.ബി.സി. ഡയറക്ടർ ബോർഡാണ്. മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മദ്യത്തിന് 6 ശതമാനം വില വർദ്ധിപ്പിച്ചിട്ടുണ്ട്. ഇ.എൻ.എ.-യിലുണ്ടായ വിലവർദ്ധനവ് കണക്കിലെടുത്ത്

മദ്യത്തിന്റെ വാങ്ങൽവിലയിൽ 7 ശതമാനം വർദ്ധനവ് വരുത്തുന്നതിന് കെ.എസ്.ബി.സി. ബോർഡ് തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള വിൽപ്പനയുടെ കണക്കനുസരിച്ച് പ്രതിവർഷം സർക്കാരിന് 957 കോടി രൂപയും ബിവറേജസ് കോർപ്പറേഷന് 9 കോടി രൂപയുമാണ് അധികവരുമാനമായി ലഭിക്കുന്നത്. മദ്യവില വർദ്ധിപ്പിക്കുന്നത് കാലാകാലങ്ങളിൽ വരുന്ന സർക്കാരുകൾ സ്വീകരിച്ചിരുന്ന നയമാണ്. നിർമ്മാണച്ചെലവിന് ആനുപാതികമായി വില വർദ്ധിപ്പിക്കാതിരുന്നാൽ ഗുണനിലവാരമുള്ള മദ്യത്തിന്റെ ലഭ്യത കുറയുകയും വ്യാജമദ്യത്തിന്റെയും മറ്റ് ലഹരികളുടെയും വ്യാപനത്തിന് കാരണമാകുകയും ചെയ്യും. കഴിഞ്ഞ മൂന്നുവർഷമായി ഡിസ്റ്റിലറി ഉടമകൾ വില വർദ്ധനവ് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ റേറ്റ് കോൺട്രാക്ട് നിരക്കിൽ വർദ്ധനവ് വരുത്തിയിട്ടുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): അടിസ്ഥാനരഹിതമായ കാര്യങ്ങൾ ഉന്നയിച്ച് പുകമറ സൃഷ്ടിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ നടപ്പിലാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. നോട്ട് നിരോധനം, നികുതിവരുമാനത്തിലെ കുറവ്, ഓഖി, പ്രളയം തുടങ്ങിയ പ്രതിസന്ധികൾ തരണം ചെയ്യാൻ സർക്കാരിന് സാധിച്ചു.

ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് മേൽപ്പാലങ്ങളും റോഡുകളും തീരദേശ മലയോര ഹൈവേയും യാഥാർത്ഥ്യമാക്കി. വയനാട് ജില്ലയിൽ തുരങ്ക പാതയുടെ നിർമ്മാണ നടപടികൾ ആരംഭിച്ചതും അങ്കമാലി-എരുമേലി-ശബരി റെയിൽപാതയ്ക്കാവശ്യമായ സംസ്ഥാന വിഹിതം വാഗ്ദാനം ചെയ്തതും കൊച്ചി മെട്രോ യാഥാർത്ഥ്യമാക്കിയതും കൊച്ചി-കോയമ്പത്തൂർ വ്യവസായ ഇടനാഴിക്കാവശ്യമായ സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചതും സർക്കാരിന്റെ നേട്ടങ്ങളാണ്. ചെറുകിട സംരംഭകർക്ക് ഉൽപ്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സുഗമമാക്കാൻ നിയമനിർമ്മാണം നടത്തുന്നതോടൊപ്പം നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കാനുള്ള പ്രവർത്തനങ്ങളും നടന്നുവരികയാണ്. ഗെയിൽ പൈപ്പ് ലൈൻ പദ്ധതിയും കൊച്ചി-ഇടമൺ വൈദ്യുത പദ്ധതിയും യാഥാർത്ഥ്യമാക്കി. റായ്ഗഡ്-പുഗലൂർ-മാടക്കത്തറ വൈദ്യുത പദ്ധതി ഈ മാസം പൂർത്തീകരിക്കുന്നതാണ്. പൊതുവിദ്യാലയങ്ങളെ ശ്രേഷ്ഠമാതൃകകളാക്കുകയും ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് ഏകീകൃത പരീക്ഷാ കലണ്ടർ നടപ്പാക്കുകയും ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി യാഥാർത്ഥ്യമാക്കുകയും എമിനന്റ് സ്കോളേഴ്സ് ഓൺലൈൻ പരിപാടി

ജനുവരി 1-ന് ആരംഭിക്കുകയും ചെയ്തു. ആരോഗ്യ രംഗത്ത് പ്രാഥമിക കുടുംബാരോഗ്യ കേന്ദ്രങ്ങളെ മികവുറ്റതാക്കുകയും കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളിലൂടെ ലോകത്തിന് മാതൃകയാകാൻ സാധിക്കുകയും ചെയ്തു. ഒരു കോടി വൃക്ഷത്തൈ നടീൽ പരിപാടി, നിലാവ് പദ്ധതി എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കാനും പൊതു ശൗചാലയങ്ങൾ, വഴിയോര വിശ്രമകേന്ദ്രങ്ങൾ എന്നിവ സംസ്ഥാനത്തുടനീളം നടപ്പാക്കാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ട നൂറുദിന പരിപാടിയുടെ ഭാഗമായി 50000 പേർക്ക് തൊഴിൽ നൽകാനും കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ കേരള ചിക്കൻ ഔട്ട്‌ലെറ്റ് തുടങ്ങാനും 20 മാവേലിസ്റ്റോറുകൾ സൂപ്പർമാർക്കറ്റുകളായും 5 എണ്ണം സൂപ്പർ സ്റ്റോറുകളായും  ഉയർത്താനും ലക്ഷ്യമിടുന്നു. പാലക്കാട് പ്രതിരോധ പാർക്ക്, ലൈറ്റ് എഞ്ചിനീയറിംഗ് പാർക്ക്, ചേർത്തല മെഗാഫുഡ് പാർക്ക് എന്നിവ യാഥാർത്ഥ്യമാക്കാനും 310 കോടി രൂപ ചെലവ് വരുന്ന 27 ടൂറിസം പദ്ധതികൾ നടപ്പാക്കാനും ഉദ്ദേശിക്കുന്നു. റീബിൽഡ് കേരള ഇൻഷ്യേറ്റീവിന്റെ ഭാഗമായി 7192 കോടി 78 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുകയും 3909 കോടി 81 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾക്ക് ടെണ്ടർ ക്ഷണിക്കുകയും 2933 കോടി രൂപയുടെ കരാറുകൾ അവാർഡ് ചെയ്യുകയും

ചെയ്തിട്ടുണ്ട്. പ്രളയവും പ്രകൃതി ദുരന്തങ്ങളും കോവിഡും സൃഷ്ടിച്ച പ്രതിസന്ധിയിൽ കൈത്താങ്ങാകേണ്ട കേന്ദ്ര സർക്കാർ ജി.എസ്.ടി നഷ്ടപരിഹാരമുൾപ്പെടെയുള്ളവയിൽ കാലതാമസവും അനിശ്ചിതത്വവു-മുണ്ടാക്കുന്ന നിലപാടാണ് സ്വീകരിച്ചത്. പൗരത്വഭേദഗതി ബില്ലിനെതിരെ ലോകശ്രദ്ധയാകർഷിച്ച പ്രതിഷേധങ്ങൾ സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കർഷക സമരത്തോട് അനുകൂല നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. മതനിരപേക്ഷത സംരക്ഷിക്കാനാണ് എക്കാലത്തും സർക്കാർ ശ്രമിച്ചിട്ടുള്ളത്. പൊതുവികസനത്തിനുവേണ്ടി കക്ഷിരാഷ്ട്രീയത്തിനതീതമായി പ്രവർത്തിക്കുകയെന്നതാണ് സർക്കാരിന്റെ നയം. സംസ്ഥാന താല്പര്യം സംരക്ഷിച്ച് മതനിരപേക്ഷതയിലധിഷ്ഠിതമായ ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. തിരുവനന്തപുരം വിമാനത്താവളവും പൊതുമേഖലാ സ്ഥാപനങ്ങളും സ്വകാര്യവത്കരിക്കുന്ന കേന്ദ്രനയങ്ങൾക്കെതിരെ ശക്തമായ നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. തീരദേശവാസികളുടെ പുനരധിവാസത്തിനായി മത്സ്യബന്ധന വകുപ്പ് ആവിഷ്കരിച്ച 'പുനർഗേഹം' പദ്ധതി മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കിവരികയാണ്. 4768 ആദിവാസി കുടുംബങ്ങൾക്ക് 3869.73 ഏക്കർ

ഭൂമി വിവിധ പദ്ധതികളിലുൾപ്പെടുത്തി വിതരണം ചെയ്യതിനൊപ്പം രണ്ട് മാസത്തിനകം 3000 കുടുംബങ്ങൾക്കുകൂടി 2000 ഏക്കർ ഭൂമി വിതരണം ചെയ്യാനുള്ള നടപടി പൂർത്തിയാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പുതിയ കാർഷിക നിയമം സുപ്രീംകോടതി സ്റ്റേ ചെയ്ത സാഹചര്യത്തിൽ നിയമവശങ്ങൾ പരിശോധിച്ചശേഷം പ്രസ്തുത നിയമത്തിൽ ഭേദഗതി നൽകുന്ന കാര്യം ആലോചിക്കുന്നതാണ്. നന്ദിപ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയം 33-നെതിരെ 75 വോട്ടുകളോടെ സഭ അംഗീകരിച്ചു.

(ഇ-നിയമസഭയുടെ ഭാഗമായി അംഗങ്ങൾ ആദ്യമായി ഇ-വോട്ടിംഗ് രേഖപ്പെടുത്തി.)

സഭ വൈകുന്നേരം 4.57-ന് പിരിഞ്ഞു.

* * * * *